2024 JULY 10 WEDNESDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com




## കാലാവസ്ഥാ വ്യതിയാനം ചെറുക്കാൻ അമാന്തം അരുത്



**തിരുവനന്തപുരം:** കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ ഒരു അമാന്തവും ഉണ്ടാവരുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള നിയമസഭ മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡീസും സംസ്ഥാന പരിസ്ഥിതി വകുപ്പും യൂണിസെഫും സംയുക്തമായി നിയമസഭ സാമാജികർക്കായി സംഘടിപ്പിച്ച ഇന്ററാക്ടീവ് സെഷൻ ശങ്കരനാരായണൻ തമ്പി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിനും ജനങ്ങളുടെ ഉപജീവനം സംരക്ഷിച്ചുകൊണ്ടുള്ള വികസനത്തിനും ഊന്നൽ നൽകിക്കൊണ്ട് കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ നമുക്ക് കഴിയണം. ഇതിന് ഫലപ്രദമായി നേതൃത്വം നൽകേണ്ടവരാണ് ജനപ്രതിനിധികളെന്ന് മുഖ്യമന്ത്രി പറഞ്ഞു. പ്രളയവും പ്രളയസമാനമായ വെള്ളപ്പൊക്കവും പ്രകൃതി ക്ഷോഭങ്ങളും തുടർച്ചയായി സാധാരണ ജനജീവിതത്തെ ബാധിക്കുന്ന നാളുകളിലൂടെയാണ് നാം കടന്നുപോകുന്നത്. ഇവയൊന്നും ഒറ്റപ്പെട്ടതല്ല. കാലാവസ്ഥാവ്യാതിയാനത്തിന്റെ ആഘാതങ്ങളാണ്. വികസന സൂചികകളിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. നാളിതുവരെ നാം കൈവരിച്ച നേട്ടങ്ങളിൽ ഊന്നിനിന്നുകൊണ്ട് ഇനിയും നമുക്ക് മുന്നോട്ട് കുതിക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനവും അതിന്റെ ഫലമായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും ഏൽപ്പിക്കുന്ന ആഘാതങ്ങൾ നമുക്ക് വിലങ്ങ് തടിയാവുന്ന സാഹചര്യം ഉണ്ടാകരുത്. എത്രനേരത്തേ പൂർണതോതിൽ പ്രതിരോധപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുന്നോ അത്രയും നല്ലതെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. പരിസ്ഥിതി വകുപ്പ് തയ്യാറാക്കിയ കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി അവതരിപ്പിക്കുക, കേരളം നേരിടുന്ന കാലാവസ്ഥാ സംബന്ധിയായ വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകൾ ഉയർത്തിക്കൊണ്ടുവരുക, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന പ്രവർത്തനങ്ങൾക്ക് വേണ്ട സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുക, പ്രാദേശികമായ പദ്ധതികൾ രൂപീകരിച്ച് പ്രകൃതിസംരക്ഷണം നടത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സാമാജികർക്കായി യൂണിസെഫുമായി ചേർന്ന് ഈ പരിപാടി സംഘടിപ്പിച്ചിരിക്കുന്നതെന്നും ഫലപ്രദമായ ചർച്ചകൾ നടക്കുകയും ക്രിയാത്മ നിർദേശങ്ങൾ ഉയർന്നുവരുകയും വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു.സ്പീക്കർ എ. എൻ. ഷംസീർ അധ്യക്ഷത വഹിച്ചു. പരിസ്ഥിതിപ്രശ്നങ്ങൾ സംബന്ധിച്ച 24 ചോദ്യങ്ങൾ ഈ മൂന്ന് വർഷത്തെ നിയമസഭ സമ്മേളനത്തിൽ ഉയർന്നതായും കേരള നിയമസഭ കാലാവസ്ഥാവ്യതിയാനത്തെ വളരെ ഗൗരവമായാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യപ്രഭാഷണം നടത്തി. പരിസ്ഥിതി സംബന്ധിച്ച സമിതി അധ്യക്ഷൻ ഇ. കെ. വിജയൻ എം. എൽ. എ., തമിഴ്നാടിനും കേരളത്തിനും വേണ്ടിയുള്ള യൂനിസെഫ് ഓഫീസ് സോഷ്യൽ പോളിസി ചീഫ് കെ. എൽ. റാവു ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ സംസാരിച്ചു മന്ത്രിമാർ, നിയമസഭാംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## എൽ.പി.ജി മസ്റ്ററിംഗ്

# ആനുകൂല്യം നിഷേധിക്കില്ല: കേന്ദ്ര സർക്കാർ

- ഐ.ഒ.സി.എൽ ആപ്പ്,ബി.പി.സി.എൽ ആപ്പ്,എച്ച്.പി.സി.എൽ ആപ്പ് എന്നിവയിലൂടെ സ്വന്തം നിലയിൽ പ്രാമാണീകരണംപൂർത്തിയാക്കാം.
- ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ഈ ആപ്പുകൾ ഡൗൺലോഡ് ചെയ്യാം.
- എൽ.പി.ജി ഉപഭോക്താക്കൾക്ക് സഹായത്തിന് എണ്ണ ഉൽപ്പാദനകമ്പനികളുടെ ടോൾഫ്രീ നമ്പറായ 1800 2333555ലും ബന്ധപ്പെടാം

**ന്യൂഡൽഹി:**ഗാർഹിക എൽ.പി.ജി ഉപഭോക്താക്കൾക്ക് ബയോമെട്രിക് ആധാർ പ്രാമാണീകരണത്തിന് (മസ്റ്ററിംഗ്) ഉപയോഗിക്കാവുന്ന വിവിധ മാർഗ്ഗങ്ങളുടെ വ്യക്തതവരുത്തി പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം. ആധാർ പ്രാമാണീകരണം പൂർത്തിയായിട്ടില്ലെന്ന് കരുതി ഒരു ഉപഭോക്താവിനും സേവനമോ ആനുകൂല്യങ്ങളോ നിഷേധിക്കില്ലെന്നും മന്ത്രാലയം അറിയിച്ചു. വീടുകളിൽ എൽ.പി.ജി സിലിണ്ടറിന്റെ വിതരണ ചെയ്യുന്ന വേളയിലും ആധാർ പ്രാമാണീകരണം ആവശ്യപ്പെടാമെന്നും മന്ത്രാലയം വ്യക്തമാക്കി. ആ സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് പ്രാമാണീകരണം നടത്തുന്നതിന് ആവശ്യപ്പെടാം.കൂടാതെ ഉപഭോക്താക്കൾക്ക് തങ്ങളുടെ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എൽ.പി.ജി വിതരണകേന്ദ്രങ്ങളിലെത്തിയും പ്രമാണീകരണം പൂർത്തിയാക്കാം. അതോടൊപ്പം ബന്ധപ്പെട്ട എണ്ണകമ്പനികൾ ലഭ്യമാക്കിയിട്ടുള്ള മൊബൈൽ ആപ്പുകൾ വഴി സ്വന്തം നിലയിലും ഉപഭോക്താക്കൾക്ക് പ്രാമാണീകരണ പ്രക്രിയ പൂർത്തിയാക്കാനാകുമെന്നും മന്ത്രാലയം അറിയിച്ചു.നേരിട്ടുള്ള ആനുകൂല്യകൈമാറ്റ പദ്ധതികൾക്കുള്ള ആധാർ അധിഷ്ഠിത പ്രമാണീകരണം ഇരട്ടിപ്പോ ഡ്യൂപ്ലിക്കേഷനോ ഇല്ലാതെ ഗുണഭോക്താക്കൾക്ക് കൃതവും, യഥാസമയവും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കും.പ്രധാനമന്ത്രി ഉജ്ജ്വല യോജനയുടെ (പി.എം.യു.വൈ) സ്റ്റാൻഡാർഡ് ഓപ്പറേറ്റിംഗ് നടപടിക്രമത്തിലും ഒരു പുതിയ കണക്ഷന് അപേക്ഷിക്കുന്നതിനുള്ള മുൻവ്യവസ്ഥയായി ബയോമെട്രിക് പ്രാമാണീകരണം വ്യക്തമായി പരാമർശിക്കുന്നുണ്ട്. വികസിത് ഭാരത് സങ്കൽപ്പ് യാത്ര ക്യാമ്പുകളിലൂടെ 35 ലക്ഷത്തിലധികം ബയോമെട്രിക് ആധാർ പ്രാമാണികരണം വിജയകരമായി നടത്തിയിരുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന എൽ.പി.ജി സുരക്ഷാ പരിശോധനകൾ/ക്യാമ്പുകളുടെ എന്നിവയുടെ ഭാഗമായും വലിയതോതിൽ പ്രമാണീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വേഗതയിലാക്കുന്നതിനുമായി പി.എം.യു.വൈ, പി.എ.എച്ച്.എ.എൽ ഉപഭോക്താക്കളുടെ ആധാർപ്രാമാണീകരണം ഏറ്റെടുക്കുന്നതിന് 2023 ഒക്ടോബറിൽ പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം എണ്ണകമ്പനികൾക്ക് നിർദ്ദേശങ്ങൾ നൽകിയിരുന്നു.എൽ.പി.ജി ഉപഭോക്താക്കളുടെ ബയോമെട്രിക് ആധാർ പ്രമാണീകരണം എണ്ണകമ്പനികൾ ഉത്സാഹത്തോടെ നടപ്പാക്കുന്നുമുണ്ട്. ഏകദേശം 55% പി.എം.യു.വൈ ഉപഭോക്താക്കൾ ഇതിനകം തങ്ങളുടെ പ്രാമാണീകരണം പൂർത്തിയാക്കിയിട്ടുമുണ്ട്. ബയോമെട്രിക് ആധാർ പ്രാമാണീകരണംപൂർത്തിയാക്കാത്ത ഉപഭോക്താക്കൾക്കുള്ള സേവനങ്ങളോ ആനുകൂല്യങ്ങളോ ഒരുവിധത്തിലും തടസപ്പെടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.എൽപിജി ഉപഭോക്താക്കൾക്ക് ഐ.ഒ.സി.എൽ ആപ്പ്,ബി.പി.സി.എൽ ആപ്പ്,എച്ച്.പി.സി.എൽ ആപ്പ് എന്നിവയിലൂടെ സ്വന്തം നിലയിൽ പ്രാമാണീകരണംപൂർത്തിയാക്കാം. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ഈ ആപ്പുകൾ ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.എന്ത് സഹായത്തിനും എൽ.പി.ജി ഉപഭോക്താക്കൾക്ക് എണ്ണ ഉൽപ്പാദനകമ്പനികളുടെ ടോൾഫ്രീ നമ്പറായ 1800 2333555ലും ബന്ധപ്പെടാവുന്നതാണ്.

## റഷ്യയുടെ പരമോന്നത ദേശീയ ബഹുമതി പ്രധാനമന്ത്രി ഏറ്റുവാങ്ങി

**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യയുടെ പരമോന്നത ദേശീയ ബഹുമതിയായ 'ദ ഓർഡർ ഓഫ് സെന്റ് ആൻഡ്രൂ ദി അപ്പോസിൽ' ഏറ്റുവാങ്ങി. ക്രെംലിനിലെ സെന്റ് ആൻഡ്രൂ ഹാളിൽ നടന്ന പ്രത്യേക ചടങ്ങിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പുരസ്കാരം സമ്മാനിച്ചു. ഇന്ത്യറഷ്യ ബന്ധം പരിപോഷിപ്പിക്കുന്നതിനുള്ള സംഭാവനകൾ കണക്കിലെടുത്താണു ബഹുമതി. 2019ലാണു പുരസ്കാരം പ്രഖ്യാപിച്ചത്.പുരസ്കാരം സ്വീകരിക്കവേ, ഇന്ത്യയിലെ ജനങ്ങൾക്കും ഇന്ത്യയും റഷ്യയും തമ്മിലുള്ള പരമ്പരാഗത സൗഹൃദബന്ധങ്ങൾക്കുമായി ഇതു സമർപ്പിക്കുന്നുവെന്നു പ്രധാനമന്ത്രി പറഞ്ഞു. ഈ അംഗീകാരം ഇരുരാജ്യങ്ങളും തമ്മിലുള്ള ശ്രേഷ്ഠവും സവിശേഷവുമായ തന്ത്രപ്രധാന പങ്കാളിത്തത്തെ ദീപ്തമാക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.300 വർഷങ്ങൾക്കുമുമ്പാണ് ഈ ബഹുമതി ഏർപ്പെടുത്തിയത്. ഈ പുരസ്കാരം ലഭിക്കുന്ന ആദ്യ ഇന്ത്യൻ നേതാവാണു പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി.





സൊസൈറ്റി ടുഡേ
SOCIETY TODAY

# ജെഎസ്എസ്: ഭാരവാഹികളെ തിരഞ്ഞെടുത്തു



മധു അയ്യമ്പിള്ളി വി കെ സുനിൽകുമാർ

**കൊച്ചി:** ജെഎസ്എസ് എറണാകുളം ജില്ലാ പ്രസിഡന്റായി മധു അയ്യമ്പിള്ളിയെയും ജില്ലാ സെക്രട്ടറിയായി വി കെ സുനിൽകുമാറിനെയും തിരഞ്ഞെടുത്തു. ജെഎസ്എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ എൻ രാജൻബാബുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലായിരുന്നു തിരഞ്ഞെടുപ്പ്

# ഓപ്പറേഷൻ ബ്രേക്ക് ത്രൂ: ദേശീയപാതയിലെ നടപടികൾ വേഗത്തിലാക്കണം



**കൊച്ചി:** ദേശീയപാതയിൽ പുരോഗമിക്കുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് നിർദേശിച്ചു. കൊച്ചിയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നടപ്പാക്കുന്ന ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയുടെ അവലോകന യോഗത്തിലാണ് നിർദേശം. ദേശീയപാതയിൽ ഇടപ്പള്ളി ഭാഗത്തെ കുഴികൾ ഉട9 അടയ്ക്കാ9 ദേശീയപാത അതോറിറ്റിക്ക് നിർദേശം നൽകി. ഇടപ്പള്ളി മെട്രോ സ്റ്റേഷനു സമീപത്തെ കെഎംആർഎൽ യാർഡിനു മുന്നിലെ വാഴത്തോട് കൽവെ4ട്ട് വീതി കൂട്ടൽ പ്രവ4ത്തനങ്ങളും അടിയന്തിരമായി പൂർത്തീകരിക്കണം. എറണാകുളം ജോസ് ജംക്ഷനിലെ ബോക്സ് കൽവെൻട്ട് വീതി കൂട്ടുന്നത് സംബന്ധിച്ച് പരിശോധന നടത്താൻ പൊതുമരാമത്ത് വകുപ്പിന് നി4ദേശം നൽകി. മൂന്ന് റെയിൽവേ കൽവെൻട്ടുകളുടെ മാലിന്യനീക്കം പൂർത്തിയായി. അവശേഷിക്കുന്ന കൽവെൽട്ടുകളും ഉടൻ വൃത്തിയാക്കണം. കൽവെ4ട്ടുകൾ കണ്ടെത്തുന്നതിന് കോ4പ്പറേഷനും റെയിൽവേയും സംയുക്ത പരിശോധന നടത്താനും നിർദേശിച്ചു. വാഴക്കാല മാ4ക്കറ്റിനു സമീപത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കൽവെൽട്ട് നി4മ്മിക്കാ9 കൊച്ചി മെട്രോ എംഡിക്ക് ജില്ലാ കളക്ടർ കത്ത് നൽകും. കെഎസ്ആർടിസി ബസ് സ്റ്റാൻഡ് രണ്ടടി മണ്ണിട്ട് പൊക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. വശങ്ങളിലെ ഭിത്തിയും ഇതോടൊപ്പം നിർമ്മിക്കും. പി ആന്റ് ടി കോളനിയിലെ പുനരധിവസിപ്പിച്ചവരുടെ കെട്ടിടത്തിലെ ചോർച്ച താത്കാലികമായി അടച്ചിട്ടുണ്ടെന്ന് ജിസിഡിഎ യോഗത്തിൽ അറിയിച്ചു. മറ്റ് പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കും. തൃപ്പൂണിത്തുറ, തൃക്കാക്കര, കളമശേരി നഗരസഭകളിലെ വെള്ളക്കെട്ട് തടയുന്നതിനുള്ള പ്രവ4ത്തനങ്ങളും യോഗത്തിൽ അവലോകനം ചെയ്തു. കളമശേരി പൊട്ടച്ചാൽ തോടിലെയും മറ്റും കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർ നിർദേശം നൽകി. തോട്ടിലെ കൈയേറ്റങ്ങൾ മൂലം ഒഴുക്ക് തടസപ്പെടുന്ന സ്ഥിതിയാണുള്ളത്. ഇതിനെതിരേ കർശന നടപടി സ്വീകരിക്കും. ഓപ്പറേഷൻ ബ്രേക്ക് ത്രൂവുമായി ബന്ധപ്പെട്ട് മുല്ലശേരി കനാൽ റോഡ്, കമ്മട്ടിപ്പാടം, സ്റ്റേഡിയം ലിങ്ക് റോഡ്, പ്രൊവിഡൻസ് റോഡ് തുടങ്ങിയ നഗരത്തിലെ വിവിധ പ്രദേശങ്ങളിലെ പ്രവ4ത്തനപുരോഗതിയും യോഗത്തിൽ വിലയിരുത്തി.ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ചെൽസ സിനി, അമിക്കസ് ക്യൂറി ഗോവിന്ദ് പദ്മനാഭൻ എന്നിവർ ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു. ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ വി.ഇ. അബ്ബാസ്, മേജർ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ ബി. അബ്ബാസ്, വിവിധ വകുപ്പ് ജീവനക്കാരും തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

# സിസിഒഎ സംസ്ഥാന സമ്മേളനത്തിന് തുടക്കമായി



എറണാകുളം ബോൾഗാട്ടി പാലസിൽ നടക്കുന്ന കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ (സിസിഒഎ) പ്രഥമ സംസ്ഥാന സമ്മേളനത്തിന് തുടക്കം കുറിച്ചു കൊണ്ട് സംസ്ഥാന പ്രസിഡന്റ് ബിനു ജോൺ പതാക ഉയർത്തുന്നു. എസ് പ്രശാന്തൻ, ഐ സി ഐവർ, രാജു ഗരുഡ, അഡ്വ. അനൂപ്, ജോൺസൺ കരിങ്ങാട്ടിൽ, സെനിത് അൻസാരി തുടങ്ങിയവർ സമീപം

**കൊച്ചി:** കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ (സിസിഒഎ) പ്രഥമ സംസ്ഥാന സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് പതാക ഉയർത്തി. എറണാകുളം ബോൾഗാട്ടി പാലസിൽ നടന്ന ചടങ്ങിൽ സിസിഒഎ സംസ്ഥാന പ്രസിഡന്റ് ബിനു ജോൺ പതാക ഉയർത്തൽ നിർവ്വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എസ് പ്രശാന്തൻ, ട്രഷറർ ഐ സി ഐവർ, ജോയിന്റ് സെക്രട്ടറി രാജു ഗരുഡ, എറണാകുളം ജില്ല ജനറൽ സെക്രട്ടറി അഡ്വ. അനൂപ്, വൈസ് പ്രസിഡന്റ് ജോൺസൺ കരിങ്ങാട്ടിൽ, സംസ്ഥാന സമിതിയംഗം സെനിത് അൻസാരി തുടങ്ങിയവർ സംസാരിച്ചു. സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് (ജൂലൈ 10) രാവിലെ 10.30 ന് സുഹൃത് ട്രേഡ് യൂണിയൻ സമ്മേളനം നടക്കും. ഉച്ചകഴിഞ്ഞ് 02.30 ന് ടൂറിസം രംഗത്തെ പുത്തൻ പ്രവണതകളും വ്യവസായത്തിന്റെ നിലനിൽപ്പും എന്ന വിഷയത്തിൽ സെമിനാർ നടക്കും. 3.30 ന് നടക്കുന്ന പൊതുസമ്മേളനം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് ബിനു ജോൺ അധ്യക്ഷത വഹിക്കും. ബിഒസി ഐ പ്രസിഡന്റ് പ്രസന്ന പട്ട് വർദ്ധൻ, സെൻട്രൽ സോൺ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ അനൂപ് വർക്കി എന്നിവർ മുഖ്യ പ്രഭാഷണം നടത്തും. ബിഒസി ഐ ദേശീയ സമിതിയംഗം ബാബു പണിക്കൽ ഡോക്യുമെന്ററി പ്രകാശനം നിർവ്വഹിക്കും. ടി ജെ വിനോദ് എംഎൽഎ, കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ തുടങ്ങിയവർ സംസാരിക്കും. തുടർന്ന് ഫിനാൻസ് സ്ഥാപനങ്ങളുടെ ഇടപെടലും നിയമ പോരാട്ടവും എന്ന വിഷയത്തിൽ അഡ്വ. അനൂപ് പി എ സംസാരിക്കും. തുടർന്ന് വ്യവസായങ്ങളെ പരിചയപ്പെടുത്തൽ, കലാപരിപാടികൾ എന്നിവ നടക്കും.

# ശബരിമല തീർഥാടനം: ഇടത് സർക്കാരിന്റെ ഹൈന്ദവ വിരുദ്ധത അവസാനിപ്പിക്കണം: വിഎച്ച്പി

**കൊച്ചി:** ഇടത് സർക്കാരിന്റെ ന്യൂന പക്ഷ പ്രീണനവും ഹൈന്ദവ വിരുദ്ധ നിലപാടും അവസാനിപ്പിക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ എന്നിവർ വാർത്താ കുറിപ്പിൽ ആവശ്യപ്പെട്ടു. ഹജ്ജ് തീർത്ഥാടനത്തിനായി എല്ലാ സൗകര്യങ്ങളും ആനുകൂല്യങ്ങളും നൽകുന്ന സർക്കാർ ശബരിമല തീർഥാടകരുടെ കാര്യത്തിൽ ഇരട്ടത്താപ്പാണ് സ്വീകരിക്കുന്നതെന്ന് വിഎച്ച്പി നേതാക്കൾ ആരോപിച്ചു. ശബരിമല തീർഥാടകർക്കായി നിലയ്ക്കൽ മുതൽ പമ്പവരെ സൗജന്യ വാഹന സൗകര്യമൊരുക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനവും ഹരജിയുമായി ആദ്യം ദേവസ്വം ബോർഡിനെയും തുടർന്ന് ഹൈക്കോടതിയെയും സമീപിച്ചിരുന്നു. ഇവിടെ നിന്നും അനുകൂല തീരുമാനം ലഭിക്കാതെ വന്നതോടെയാണ് സുപ്രീ കോടതിയിൽ ഹരജി സമർപ്പിച്ചത്. ഇതിനെതിരെ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ വിഎച്ച്പി നൽകിയ ഹരജി തള്ളണമെന്നാണ് സർക്കാർ കോടതിയിൽ ആവശ്യപ്പെട്ടത്. സർക്കാരിന്റെ ഹൈന്ദവ വിരുദ്ധ നിലപാടാണ് ഇതിൽ നിന്നും വ്യക്തമാകുന്നതെന്നും വിഎച്ച്പി നേതാക്കൾ പറഞ്ഞു.

മണ്ഡലകലാത്ത് ശബരിമലയിൽ ദർശനത്തിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന കോടിക്കണക്കിന് അയ്യപ്പഭക്തരെ സഹായിക്കുന്നതിനാണ് വിഎച്ച്പി നിലയ്ക്കലിൽ നിന്നും പമ്പവരെ സൗജന്യ യാത്രാസൗകര്യം ഒരുക്കാമെന്ന് കോടതിയെ അറിയിച്ചത്. ശബരിമല തീർഥാടകർക്ക് മതിയാ അടിസ്ഥാന സൗകര്യങ്ങളും യാത്രാ സൗകര്യങ്ങളും ഒരുക്കുന്നതിൽ മുൻകാലങ്ങളിൽ സർക്കാർ പരാജയപ്പെട്ടതിനെ തുടർന്നാണ് സൗജന്യ യാത്രാ സൗകര്യം ഏർപ്പെടുത്താൻ വിഎച്ച്പി മുൻകൈ എടുത്തത്. എന്നാൽ ഇതിനെ ഇതിനെ തുരങ്കം വെയ്ക്കുന്ന സംസ്ഥാന സർക്കാർ നിലപാട് അംഗീകരിക്കാൻ കഴിയില്ലെന്നും തീരുമാനം സർക്കാർ പുനപരിശോധിക്കണമെന്നും വിഎച്ച്പി നേതാക്കൾ വ്യക്തമാക്കി.

# ചെല്ലാനം: തോട് കൈയേറ്റം ഒഴിപ്പിക്കാൻ നടപടി

**കൊച്ചി:** കടലിലേക്ക് വെള്ളം ഒഴുകിപ്പോകുന്നത് തടസപ്പെടുത്തും വിധമുള്ള തോടുകളിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ കർശന നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് നിർദേശം നൽകി. ചെല്ലാനം പഞ്ചായത്തിലെ എട്ടാം വാർഡിലെ പരാത്തൽ തോട് , ഒ9പതാം വാർഡിലെ സെന്റ് മേരിസ് സ്കൂളിന് വടക്കോട്ട് ഉള്ള ഭാഗത്തേക്കുള്ള തോട്ടിലെ കൈയേറ്റങ്ങൾ എന്നിവയാണ് ആദ്യഘട്ടത്തിൽ ഒഴിപ്പിക്കുക. കടൽ കയറുന്ന സാഹചര്യത്തിൽ വെള്ളം ഒഴുകിപ്പോകുന്നത് തോട്ടിലെ കൈയേറ്റങ്ങൾ തടയുന്ന സ്ഥിതിയാണുള്ളത്. തോട്ടിലെ ഒഴുക്ക് സുഗമമാക്കി ഇതിന് പരിഹാരം കണ്ടെത്തുകയാണ് തോടുകളിലെ കൈയേറ്റം ഒഴിപ്പിക്കുക വഴി ലക്ഷ്യമിടുന്നത്. സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് സർവെയറെ ഉടൻ നിയോഗിക്കാനും നിർദേശിച്ചു.മുൻവർഷങ്ങളിൽ കടലാക്രമണത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്താൻ കൊച്ചി താലൂക്ക് തഹസിൽദാർക്ക് നിർദേശം നൽകി.

സൊസൈറ്റി ടുഡേ
SOCIETY TODAY

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് 11 ന്

**കൊച്ചി:** സംസ്ഥാന ന്യൂനപക്ഷ കമ്മിഷന്റെ എറണാകുളം സിറ്റിംഗ് ജൂലൈ 11 ന് വ്യാഴാഴ്ച രാവിലെ 11 മുതൽ എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ജില്ലയിലെ വിവിധ ഓഫീസുകളിൽ ഓഫീസ് മാനേജെന്റ് ട്രെയിനികളെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി പാസായവർക്ക് അപേക്ഷിക്കാം. അപേക്ഷകർ 2024 ജനുവരി ഒന്നിന് 18 വയസ് പൂർത്തിയായവരും, 35 വയസ് കവിയാത്തവരുമായിരിക്കണം. ബിരുദധാരികൾക്ക് 5 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കും.ഉദ്യോഗാർത്ഥികളുടെ കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയരുത്. പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 10,000 രൂപ ഓണറേറിയം നൽകും. നിയമനം അപ്രന്റീസ്ഷിപ്പ് ആക്ട് അനുസരിച്ചുള്ള നിയമങ്ങൾക്ക് വിധേയവും തികച്ചും താത്കാലികവും പരമാവധി 6300 വർഷത്തേയ്ക്ക് മാത്രമായിരിക്കുന്നതുമാണ്. പട്ടികവർഗ്ഗവികസന വകുപ്പ് നടത്തുന്ന എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും പരിശീലനത്തിന് തെരഞ്ഞെടുക്കുന്നത്. അപേക്ഷാ ഫോറങ്ങൾ മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, ആലുവ/ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ എന്നിവിടങ്ങളിൽ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 20. ഒരു തവണ പരിശീലനം നേടിയവർ വീണ്ടും അപേക്ഷിക്കാൻ പാടുള്ളതല്ല.

## കരാർ നിയമനം

**കൊച്ചി:** വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിൻറെ കീഴിൽ കിഴക്കമ്പലം പഞ്ചായത്തിലെ അമ്പുനാട് പ്രവർത്തിക്കുന്ന പകൽവീട്ടിലെ കെയർടേക്കറുടെ ഒഴിവിലേക്ക് 179 ദിവസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ വെങ്ങോല, വാഴക്കുളം, കിഴക്കമ്പലം പഞ്ചായത്തു പരിധിയിൽ സ്ഥിര താമസക്കാരായ 21 നും 45 നും മധ്യേ പ്രായമുള്ള വനിതകളായിരിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഐ സി ഡി എസ് പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 048402677209.

# 70മത് നെഹ്റു ട്രോഫി ഭാഗ്യചിഹ്നം കളിവള്ളം തുഴയുന്ന നീലപൊന്മാൻ

**ആലപ്പുഴ:** ഓഗസ്റ്റ് 10ന് പുന്നമടക്കായലിൽ നടക്കുന്ന 70മത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം ആലപ്പുഴ ജില്ല പഞ്ചായത്ത് ഹാളിൽ സിനിമാതാരം കുഞ്ചാക്കോ ബോബൻ പ്രകാശനം ചെയ്തു. ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരിയും എ.ഡി.എം. വിനോദ് രാജും ചേർന്ന് ഭാഗ്യചിഹ്നം ഏറ്റുവാങ്ങി. ചടങ്ങിൽ എ.ഡി.എം. വിനോദ് രാജ് അധ്യക്ഷനായി. കളിവള്ളം തുഴഞ്ഞ് നീങ്ങുന്ന നീലപൊന്മാനാണ് ഇത്തവണത്തെ ഭാഗ്യചിഹ്നം. മുഖ്യാതിഥിയായ ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി കുഞ്ചാക്കോ ബോബനെ പൊന്നാട അണിയിച്ചു. എൻ.ടി.ബി.ആർ പബ്ലിസിറ്റി കമ്മിറ്റിയുടെ സ്നേഹോപഹാരം വിനോദ് രാജ് നൽകി.

'നീലപൊൻമാൻ' എന്ന പേരിൽ മുത്തശ്ശൻ കുഞ്ചാക്കോ 1975ൽ സിനിമ നിർമിച്ചിട്ടുണ്ട്. വള്ളംകളിയുടെ ഇത്തവണത്തെ ഭാഗ്യചിഹ്നം നീലപൊൻമാൻ ആയത് ഇരട്ടി സന്തോഷം നൽകുന്നതാണെന്ന് പ്രകാശന കർമം നിർവഹിച്ചുകൊണ്ട് കുഞ്ചാക്കോ ബോബൻ പറഞ്ഞു. ആലപ്പുഴക്കാരൻ എന്ന നിലയിൽ വള്ളംകളിയുടെ ഭാഗ്യചിഹ്ന പ്രകാശനത്തിന പങ്കുകൊള്ളാനായത് തന്റെ ഭാഗ്യമായാണ് കരുതുന്നത്. തന്റെ സിനിമ ജീവിതത്തിൽ ആലപ്പുഴ വലിയ പങ്കാണ് വഹിച്ചതെന്നും അദ്ദേഹം പറഞ്ഞു. സിനിമാ ചിത്രീകരണത്തിലെ കുട്ടനാടൻ മുഹൂർത്തങ്ങളും അദ്ദേഹം ഓർത്തെടുത്തു. ചടങ്ങിൽ എൻ.ടി.ബി.ആർ. സൊസൈറ്റി സെക്രട്ടറിയായ സബ് കളക്ടർ സമീർ കിഷൻ, നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാർ നസീർ പുന്നയ്ക്കൽ, കൗൺസിലർ സിമി ഷാഫി ഖാൻ, പബ്ലിസിറ്റി കമ്മിറ്റി കൺവീനറായ ജില്ല ഇൻഫർമേഷൻ ഓഫീസർ കെ.എസ്. സുമേഷ്, ഇൻഫ്രാസ്ട്രക്ചർ കമ്മറ്റി കൺവീനർ എം.സി. സജീവ് കുമാർ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ സൗമ്യ ചന്ദ്രൻ, പബ്ലിസിറ്റി കമ്മിറ്റി അംഗങ്ങളായ എ. കബീർ, കെ. നാസർ, എബി തോമസ്, റോയ് പാലത്ര, രമേശൻ ചെമ്മാപറമ്പിൽ, പ്രസ് ക്ലബ് പ്രസിഡന്റ് എസ്. സജിത്ത്, എസ്.എ. അബ്ദുൾ സലാം ലബ്ബ, ഹരികുമാർ വാലേത്ത് തുടങ്ങിയവർ പങ്കെടുത്തു.ഇത്തവണത്തെ ഭാഗ്യചിഹ്നമായ കളിവള്ളം തുഴഞ്ഞു നീങ്ങുന്ന നീലപൊന്മാനെ തയ്യാറാക്കിയത് പത്തനംതിട്ട റാന്നി സ്വദേശി കെ.വി. ബിജിമോളാണ്. ഗ്രാഫിക് ഡിസൈനറാണ് ബിജിമോൾ. മത്സര വിജയി ഒരു വനിതയാകുന്നത് ആദ്യമായാണ് എന്ന പ്രത്യേകതയും ഇക്കുറിയുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന 212 എൻട്രികളിൽ നിന്നാണ് തിരഞ്ഞെടുപ്പ് നടത്തിയത്. മാവേലിക്കര രാജാരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ് അധ്യാപകരായ വി. ജെ. റോബർട്ട്, വി.ഡി. ബിനോയ്, ആർട്ടിസ്റ്റ് വിമൽ റോയ് എന്നിവർ അടങ്ങുന്ന പാനലാണ് ഭാഗ്യ ചിഹ്നം തിരഞ്ഞെടുത്തത്.




# സിനിമയിലെ പല രംഗങ്ങളും മികച്ചതാക്കിയത് എന്നിലെ ആലപ്പുഴക്കാരൻ



ആലപ്പുഴ: സിനിമയിലെ പല രംഗങ്ങളും മികച്ചതാക്കിയത് തന്നിലെ ആലപ്പുഴക്കാരനെന്ന് സിനിമാതാരം കുഞ്ചാക്കോ ബോബൻ. ഓഗസ്റ്റ് 10ന് പുന്നമടക്കായലിൽ നടക്കുന്ന 70മത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം ആലപ്പുഴ ജില്ല പഞ്ചായത്ത് ഹാളിൽ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തിലെതന്നെ ഏറ്റവും വലിയ ജലമാമാങ്കമായ നെഹ്റുട്രോഫിയുടെ ഭാഗ്യചിഹ്നം പ്രകാശം ചെയ്യാനായത് ഭാഗ്യമായാണ് കരുതുന്നത്. എന്റെ മുത്തശ്ശൻ കുട്ടനാട്ടുകാരനാണ്. സിബി മലയിൽ സംവിധാനം ചെയ്ത ജലോത്സവം ചിത്രീകരിക്കുമ്പോഴാണ് ആദ്യമായി ചുണ്ടൻ വള്ളത്തിൽ കയറുന്നത്. വള്ളത്തിന്റെ അമരത്തുനിന്ന് അണിയത്തുവരെ മരപ്പടിയിലൂടെ ഓടുന്ന രംഗമുണ്ടായിരുന്നു. ആലപ്പുഴക്കാരൻ എന്ന ആവേശത്തിൽ വള്ളത്തിലൂടെ ഓടി. രംഗം ഭംഗിയായി ചിത്രീകരിച്ചു. അന്നു കാണിച്ച ആവേശത്തിലെ അപകടം പിന്നീടാണ് മനസ്സിലായത്. പിന്നീട് വിവിധ സിനിമകളിലായി കുട്ടനാടൻ പശ്ചാത്തലത്തിൽ പല രംഗങ്ങളിലും അഭിനയിച്ചു. കുട്ടനാട്ടുകാരന്റെ രക്തം ഉള്ളിലുള്ളതുകൊണ്ടാകണം ഈ രംഗങ്ങൾ മികച്ചതാക്കാനായത്. കേരളത്തിന് ലോകത്തിനു മുന്നിൽ അഭിമാനപൂർവം പ്രദർശിപ്പിക്കാവുന്ന ഉത്സവമാണ് നെഹ്റു ട്രോഫി വള്ളംകളിയെന്നും അദ്ദേഹം പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY

## പുസ്തക ആസ്വാദന കുറിപ്പ്: ഭദ്രാനന്ദ, അൻലിൻ മരിയ, ശ്രീലക്ഷ്മി ജേതാക്കൾ

**കൊച്ചി:** ഈവർഷത്തെ വായനാപക്ഷാചരണത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച പുസ്തക ആസ്വാദനക്കുറിപ്പ് മത്സരത്തിൽ യുപി, ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിൽ പങ്കെടുത്തു വിജയികളായവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു. ഒന്ന്, ര്, മൂന്ന്, പേര്, സ്കൂൾ എന്നീ ക്രമത്തിൽ.

യുപി വിഭാഗം ഭദ്രാനന്ദ ഹനീഷ്, മരിയ പി. അലെക്സ് (രൂപേരും ബസേലിയോസ് വിദ്യാനികേതൻ സീനിയർ സെക്കൻഡറി സ്കൂൾ, വെട്ടിക്കൽ മുളന്തുരുത്തി)ഹൈസ്കൂൾ വിഭാഗം അൻലിൻ മരിയ(മാർ അത്തനേഷ്യസ് ഇന്റർനാഷണൽ സ്കൂൾ, കോതമംഗലം), നിഹ ബെന്നി (ഗവ. ഗേൾസ്, ഹയർ സെക്കൻഡറി സ്കൂൾ, ചേർത്തല), നീലിമ. ടി ബി (അസീസി വിദ്യാനികേതൻ പബ്ളിക് സ്കൂൾ പെരുമ്പിള്ളി) ഹയർസെക്കൻഡറി വിഭാഗം ശ്രീലക്ഷ്മി ശ്രീരാഗ് (അസീസി വിദ്യാനികേതൻ പബ്ളിക് സ്കൂൾ, പെരുമ്പിള്ളി), ദേവനന്ദ ഹനീഷ് (ബസേലിയോസ് വിദ്യാനികേതൻ സീനിയർ സെക്കൻഡറി സ്കൂൾ വെട്ടിക്കൽ, മുളന്തുരുത്തി), സിദ്ധാർഥ് ജി പി (അസീസി വിദ്യാനികേതൻ പബ്ളിക് സ്കൂൾ പെരുമ്പിള്ളി). കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ മത്സരത്തിൽ എറണാകുളം എസ്ആർവി ഗവ. എച്ച്എസ്എസ് മലയാളം വിഭാഗം അധ്യാപകൻ എ യു സിജാദ് ആണ് വിജയികളെ നിർണയിച്ചത്. വിജയികൾക്കുള്ള സർട്ടിഫിക്കറ്റും സമ്മാനങ്ങളും പിന്നീട് വിതരണം ചെയ്യും.

## ലിറ്റിൽ കൈറ്റ്സ്: ജില്ലയിലെ മികച്ച മൂന്നു യൂണിറ്റുകൾക്ക് പുരസ്കാരം

**കൊച്ചി:** ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കുള്ള അവാർഡുകൾ മൂന്നുസ്കൂളുകൾ ഏറ്റുവാങ്ങി. ജില്ലയിലെ ഏറ്റവുംമികച്ച യൂണിറ്റായി തെരഞ്ഞെടുത്ത ചേരാനെല്ലൂർ അൽഫറൂഖ്യ ഹൈസ്കൂളിന് 30,000 രൂപയുടെ ക്യാഷ് അവാർഡും ശില്പവും പ്രശസ്തിപത്രവുമാണ് ലഭിച്ചത്. തിരുവനന്തപുരം നിയമസഭാ കോംപ്ലക്സിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി വി. ശിവൻകുട്ടിയാണ് ജില്ലാതല പുരസ്കാരങ്ങൾ വിതരണം ചെയ്തത്. രാം സ്ഥാനം നേടിയ കാഞ്ഞൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിന് 25,000 രൂപയുടെ ക്യാഷ് അവാർഡും ശില്പവും പ്രശസ്തിപത്രവും ലഭിച്ചു. 15,000 രൂപയുടെ ക്യാഷ് അവാർഡും ശില്പവും പ്രശസ്തി പത്രവും മൂന്നാം സ്ഥാനം നേടിയ വാഴക്കുളം സെന്റ് ലിറ്റിൽ തെരേസാസ് ഹൈസ്കൂളിന് ലഭിച്ചു.യൂണിറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ, തനത് പ്രവർത്തനങ്ങളും സാമൂഹ്യ ഇടപെടലും, പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, സ്കൂൾ വിക്കി അപ്ഡേഷൻ, ക്യാമ്പുകളിലെ പങ്കാളിത്തം, ഡിജിറ്റൽ മാഗസിൻ, വിക്ടേഴ്സ് ചാനൽ വ്യാപനം, ന്യൂസ് തയ്യാറാക്കൽ, അംഗങ്ങളുടെ വ്യക്തിഗത പ്രകടനങ്ങൾ, ഹൈടെക് ക്ലാസ്മുറികളുടെ പരിപാലനം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേതുൾപ്പെടെയുള്ള സ്കൂളിലെ മറ്റ് പ്രവർത്തനങ്ങളിൽ യൂണിറ്റിന്റെ ഇടപെടൽ എന്നീ മേഖലകളിലെ യൂണിറ്റുകളുടെ 202324 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡിനർഹരായവരെ കണ്ടെത്തിയിട്ടുള്ളത്.

## വനിതകൾക്ക് മോണ്ടിസ്സോറി, പ്രീ പ്രൈമറി ടീച്ചർ ട്രെയിനിംഗ്

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ജൂലൈ മാസം ആരംഭിക്കുന്ന രു വർഷം, ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി. പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി/ പ്ലസ് ടു/ എസ്എസ്എൽസി യോഗ്യതയുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ 7994449314.

## സ്കോൾ കേരള: യോഗ കോഴ്സ് പ്രവേശനം

**കൊച്ചി:** സ്കോൾകേരള മുഖേന എറണാകുളം ജില്ലയിലെ ജി.എം.എച്ച്.എസ്.എസ് മൂവാറ്റുപുഴ, എസ്.എൻ.ഡി.പി.എച്ച്.എസ്.എസ് ഉദയംപേരൂർ, എസ്.ആർ.വി.എൽ.പി.എസ് എറണാകുളം സെന്ററുകളിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ രാം ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ഒരു വർഷക്കാലാവധിയുള്ള കോഴ്സിന്റെ ആകെ ഫീസ് 12500 രൂപ. രു ഗഡുക്കളായി അടയ്ക്കാവുന്നതാണ്. മാർഗ്ഗനിർദ്ദേശങ്ങൾക്ക് www.scolekerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് സ്കോൾകേരള ജില്ലാ കോർഡിനേറ്ററുടെ 9447913820 നമ്പറിൽ ബന്ധപ്പെടുക

# ജീവസംരക്ഷണ സന്ദേശയാത്രകാലഘട്ടത്തിന്റെ ആവശ്യം: മാർ റാഫേൽ തട്ടിൽ




**കാക്കനാട്:** ജനിക്കാനും ജീവിക്കാനുമുള്ള അവകാശം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കെസിബിസി പ്രൊലൈഫ് സംസ്ഥാന സമിതിയുടെ ജീവസംരക്ഷണ സന്ദേശയാത്ര കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. എന്റെ മാതാപിതാക്കൾ ഇപ്പോഴത്തെ മാതാപിതാക്കളുടെ മനോഭാവപ്രകാരം ര് കുട്ടികൾ മതിയെന്ന് തീരുമാനിച്ചിരുന്നുവെങ്കിൽ, പത്താമത്തെ കുഞ്ഞായി ജനിക്കുവാൻ എനിക്ക് അവസരം ലഭിക്കുകയില്ലായിരുന്നുവെന്നു അദ്ദേഹം കൂട്ടിച്ചേർത്തു. മാർച്ച് ഫോർ കേരള ജീവസംരക്ഷണ സന്ദേശയാത്രക്ക് കാക്കനാട് മൗ് സെന്റ് തോമസിൽ നൽകിയ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയിരുന്നു അദ്ദേഹം.കെസിബിസി പ്രൊലൈഫ് സമിതിയുടെ ഡയറക്ടർ ഫാ. ക്ളീറ്റസ് കതിർപറമ്പിൽ, സംസ്ഥാന ജനറൽ സെക്രട്ടറിയും യാത്രയുടെ ജനറൽ ക്യാപ്റ്റനുമായ ജെയിംസ് ആഴ്ചങ്ങാടൻ, സീറോ മലബാർ സഭയുടെ പ്രൊലൈഫ് അപ്പസ്തോലേറ്റിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയും കെസിബിസി പ്രൊലൈഫ് സമിതിയുടെ ആനിമേറ്ററുമായ സാബു ജോസ് എന്നിവരാണ് യാത്രക്ക് നേതൃത്വം നൽകുന്നത്.കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കെസിബിസി പ്രൊലൈഫ് സമിതിയുടെ സംസ്ഥാന പ്രസിഡന്റ് ജോൺസൻ സി എബ്രഹാം, സെക്രട്ടറി ജെസ്‌ലിൻ ജോ, ആനിമേറ്റർ സിസ്റ്റർ മേരി ജോർജ്, വൈസ് ക്യാപ്റ്റൻ മാർട്ടിൻ ന്യൂനസ്, കൂരിയ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ജോയ്സ് മുക്കുടം ജീവവിസ്മയ മാജിക്ക് അവതരിപ്പിച്ചു. ഓഗസ്റ്റ് 10ന് തൃശ്ശൂരിൽ ദേശിയ തലത്തിലുള്ള പ്രൊലൈഫ് മഹാറാലിയും സമ്മേളനവും നടക്കും. ജീവനും ജീവിതവും സംരക്ഷിക്കപ്പെടണം എന്നതാണ് മാർച്ച് ഫോർ ലൈഫിന്റെ മുഖ്യ സന്ദേശം.

# യൂസ്ഡ് കാർ വാങ്ങുന്നവരിൽ 48.5 ശതമാനം ശമ്പളക്കാരായ പ്രൊഫഷണലുകൾ

**കൊച്ചി:** യൂസ്ഡ് കാറുകൾ വാങ്ങുന്നവരിൽ 48.5 ശതമാനവും ശമ്പളക്കാരായ പ്രൊഫഷണലുകളാണെന്ന് കാർസ്24ൻറെ 2024 കലർ വർഷത്തെ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള രാം ത്രൈമാസ കണക്കുകൾ സൂചിപ്പിക്കുന്നു. പ്രമോഷനുകളും ബോണസുകളും പുതിയ ചുമതലകളുമെല്ലാം ലഭിക്കുന്ന കാലമാണ് ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ത്രൈമാസം.ജീവിത ശൈലിയിലുാകുന്ന ഉയർച്ചയുടേയും പ്രതിദിന യാത്രകളുടേയും പശ്ചാത്തലത്തിൽ വ്യക്തിഗത വാഹനത്തിനായി നിക്ഷേപം നടത്തുന്ന തീരുമാനം കൂടുതൽ കോർപറേറ്റ് ജീവനക്കാർ കൈക്കൊള്ളുന്നു. ഡൽഹി, മുംബൈ, ബെംഗളൂരു തുടങ്ങിയ മെട്രോ നഗരങ്ങളിൽ ഇത്തരം വാങ്ങലുകളുടെ കാര്യത്തിൽ ഗണ്യമായ വളർച്ചയാണുായത്. ഉപഭോക്താക്കളുടെ കാർ വാങ്ങൽ താൽപര്യങ്ങൾ വൈവിധ്യമാർന്ന രീതിയിൽ ഉടലെടുക്കുന്നതാണ് കാണാനായതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ കാർസ്24 സഹ സ്ഥാപകൻ ഗജേന്ദ്ര ജൻഗിദ് പറഞ്ഞു. ആഗ്ര, കോയമ്പത്തൂർ, നാഗ്പൂർ, വഡോദര തുടങ്ങിയ മെട്രോ ഇതര നഗരങ്ങളിൽ വിൽപന ഗണ്യമായി ഉയരുന്നതാണ് കഴിഞ്ഞ ത്രൈമാസത്തിൽ കാണാനായത്. സിഫ്റ്റ്, ഹ്യുായ് ക്രെറ്റ തുടങ്ങിയവയാണ് കൂടുതൽ ജനപ്രീതി നേടിയ കാറുകൾ, മാരുതി സുസുക്കി, ഹ്യുായ്, ഹോ, ടാറ്റ എന്നീ ബ്രാൻഡുകൾ മുൻനിരയിൽ തുടരുകയും ചെയ്തു.

## ബ്രഹ്മപുരം ഗവ.എൽ.പി സ്കൂളിന് സിസിടിവി ക്യാമറ നൽകി

**കൊച്ചി:** സ്കൂളിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബ്രഹ്മപുരം ഗവ. എൽ.പി സ്കൂളിന് പ്രമുഖ കമ്പനിയായ നോർഡൻ സിസിടിവി ക്യാമറ നൽകി. കമ്പനിയുടെ സിഎസ്ആർ പദ്ധതിയുടെ ഭാഗമായാണ് ക്യാമറ സ്ഥാപിച്ചത്. നോർഡൻ സെയിൽസ് വിഭാഗം അസോസിയേറ്റ് ഡയറക്ടർ പരീക്ഷിത് തിവാരി പദ്ധതി ഉദ്ഘാടനം ചെയ്തു. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി.എസ് നവാസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ എച്ച്.എം മിനി വർഗീസ്, പിടിഎ പ്രസിഡന്റ് ഫസലുദ്ധീൻ വി.ഐ, നോർഡൻ ഗ്ലോബൽ ബിസിനസ് ഡയറക്ടർ സജൻ എസ്, ഇൻഫോപാർക്ക് സബ് ഇൻസ്പെക്ടർ സന്തോഷ്, ഇന്ത്യ ആൻഡ് സാർക്ക് ഡയറക്ടർ പ്രശാന്ത് ഒബെറോയ്, ഗ്ലോബൽ പ്രീ സെയിൽസ് മാനേജർ സുമിത് അഗർവാൾ, സിസിടിവി ക്യാമറ ഉത്പന്ന മേധാവി സരൺരാജ്, സി.എഫ്.ഒ വിജയ് എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ലക്സ്ജയന്റ് ദ്വിദിന ശാസ്ത്ര സമ്മേളനത്തിനൊരുങ്ങി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** പാർക്കിൻസൺസ് രോഗത്തെ ആസ്പദമാക്കിയുള്ള മൂന്നാമത് ലക്സ്ജയന്റ് ശാസ്ത്രസമ്മേളനം സംഘടിപ്പിക്കാനൊരുങ്ങി കൊച്ചി ആസ്റ്റർ മെഡ്സിറ്റി ആശുപത്രി. ജൂലൈ 13, 14 ദിവസങ്ങളിൽ കൊച്ചി ലെ മെരിഡിയൻ ഹോട്ടലാണ് സമ്മേളനത്തിന് വേദിയാകുന്നത്. മൂവ്മെന്റ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യ, ഇന്റർനാഷണൽ പാർക്കിൻസൺ ആൻഡ് മൂവ്മെന്റ് ഡിസോർഡർ സൊസൈറ്റിയുടെ ഏഷ്യൻ ആൻഡ് ഓഷ്യാനിക് വിഭാഗം, പാർക്കിൻസൺസ് ഫൗഷേൻ എന്നിവയുടെ ആഭിമുഖ്യത്തിലാണ് പരിപാടി. 11 വിദേശ പ്രതിനിധികളും നാല് ദേശീയ പ്രതിനിധികളും സമ്മേളനത്തിൽ പ്രസംഗിക്കും.പാർക്കിൻസൺസ് രോഗ ചികിത്സയിലെ ജനിതക ബയോമാർക്കുകൾ മുതൽ അതിനൂതന മോഡലിംഗ് ടെക്നിക്കുകൾ വരെയുള്ള ഏറ്റവും പുതിയ കുപിടിത്തങ്ങളും സാങ്കേതികതകളും സമ്മേളനത്തിൽ ചർച്ചയാകും.ഈ രോഗത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ അറിവുകളും ചികിത്സാരീതികളും മനസ്സിലാക്കുന്നതിന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധരെ ഒരുമിച്ചുകൊുവരാനാകുന്നതിൽ അതിയായ സന്തോഷമുന്നെ് പാർക്കിൻസൺസ് ആൻഡ് മൂവ്മെന്റ് ഡിസോർഡർ ക്ലിനിക്കിന്റെ ആസ്റ്റർ കേരള വിഭാഗം ഡയറക്ടർ ഡോ. ആശ കിഷോർ പറഞ്ഞു. അഗോളതലത്തിൽ പാർക്കിൻസൺസ് രോഗത്തെ കുറിച്ച് പല പുതിയ വിവരങ്ങളും പഠനങ്ങളും പുറത്തുവരുന്ന്. ഇവ സമഗ്രമായി ചർച്ച ചെയ്യാനും നൂതനമായ ചികിത്സാരീതികൾ പഠിക്കാനും ഈ സമ്മേളനം കാരണമാകുമെന്ന് ഡോ. ആശ കിഷോർ കൂട്ടിച്ചേർത്തു.

സങ്കീർണമായ ഈ രോഗത്തെക്കുറിച്ച് ആഴത്തിൽ അറിയാനും ചർച്ചചെയ്യാനും ഒരു വേദിയൊരുക്കി നൽകാൻ സാധിച്ചതിൽ സന്തോഷമുന്നെും നാഡീസംബന്ധമായ രോഗങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് മെച്ചപ്പെട്ട ചികിത്സാമാർഗങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ആസ്റ്റർ മെഡ്സിറ്റിയുടെ ശ്രമങ്ങളുടെ ഭാഗമാണിതെന്നും ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു. ഗവേഷണത്തിലും അനുഭവജ്ഞാനത്തിലൂടെയുമാണ് ഇത് സാധ്യമാക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.ലക്സംബർഗ്ജർമൻ ഇന്ത്യൻ അലയൻസ് ഓൺ ന്യൂറോഡിജെനെറേറ്റീവ് ഡിസീസ് ആൻഡ് തെറാപ്യൂട്ടിക്സ് (ലക്സ്ജയന്റ്) 2018ലാണ് രൂപീകരിക്കുന്നത്. ഇന്ത്യ, ജർമനി, ലക്സംബർഗ് എന്നീ രാജ്യങ്ങളിൽ ചലനവൈകല്യങ്ങളുമായി ബന്ധപ്പെട്ട രോഗങ്ങളിൽ വൈദഗ്ധ്യമുള്ള ഡോക്ടർമാരുടെ കൂട്ടായ്മയാണിത്.

# 'ജനറേഷൻ ഗ്രീൻ' കാംപയിൻ: എഐസിടിഇയും ഓപ്പോ ഇന്ത്യയും സഹകരിക്കും




**കൊച്ചി :** ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷനും (എഐസിടിഇ) ഓപ്പോ ഇന്ത്യയും ഇന്ന് തങ്ങളുടെ 'ജനറേഷൻ ഗ്രീൻ' കാംപെയ്ൻ പ്രഖ്യാപിച്ചു. 1എം1ബി (വൺ മില്യൺ ഫോർ വൺ ബില്യൺ) നേതൃത്വം നൽകുന്ന 100ദിന പരിപാടി, ഇന്ത്യയിലെ കോളേജുകളിൽ 5,000 ഇന്റേൺഷിപ്പ് അവസരങ്ങളിലൂടെ യുവാക്കൾക്കിടയിൽ ഹരിത നൈപുണ്യങ്ങൾ പ്രോത്സാഹിപ്പിക്കുമെന്ന് ബന്ധപ്പെട്ട അധികൃതർ വ്യക്തമാക്കി.

# ഭാഗ്യക്കുറി ക്ഷേമനിധി അംഗത്വം പുനസ്ഥാപിക്കാം

**കൊച്ചി:** 2022 മാർച്ച് മാസം മുതൽ അംശാദായ അടവ് മുടങ്ങിയതിനാൽ അംഗത്വം റദ്ദായവർക്ക്, അംഗത്വം പുനഃസ്ഥാപിക്കുന്ന മാസം വരെയുള്ള അംശാദായ കുടിശ്ശിക തുക പിഴ സഹിതം ഒടുക്കി റദ്ദായ അംഗത്വം പുനസ്ഥാപിക്കുവാൻ ജൂലൈ 10 മുതൽ 2024 ഓഗസ്റ്റ് 10 വരെ അവസരം നൽകുന്നു.റദ്ദായ കാലയളവ് മുതൽ പ്രസ്തുത മാസം വരെ ടിക്കറ്റ് വിറ്റതിന്റെ കണക്കു രേഖപ്പെടുത്തിയ ടിക്കറ്റ് അക്കൗണ്ട് ബുക്ക്, അവസാന മൂന്ന് മാസത്തെ വൗച്ചർ എന്നിവ സഹിതം അംഗങ്ങൾ നേരിട്ടെത്തി റദ്ദായ അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്.

## ഏകദിന ശിൽപ്പശാല

**കൊച്ചി:** സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (ഗകഋഉ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫോർ എന്റർപ്രെനേഴ്സ് എന്ന വിഷയത്തിൽ ഒരു ദിവസത്തെ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. ജൂലൈ 18 നു അങ്കമാലിയിൽ കീഡിന്റെ എന്റർപ്രെസ് ഡെവലപ്മെന്റ് സെന്ററിൽ (ഋഉഇ) ലാണ് പരിശീലനം. എംഎസ്എംഇ മേഖലയിലെ സംരംഭകർ / എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ ഇമ്പോർട്ട9സ് ഓഫ് എഐ, ബേസിക്സ് ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, എ ഐ ബേസ്ഡ് ബിസിനസ് പ്രൊമോഷൻസ്, പ്രോംപ്റ്റ് എക്സ്പ്ലോറെഷൻ, പോസ്റ്റർ ഡിസൈനിംഗ്, എ ഐ ബേസ്ഡ് കണ്ടന്റ് ക്രിയേഷൻ, കെയ്സ് സ്റ്റഡീസ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 500/ രൂപയാണ് പരിശീലനത്തിന്റെ ഫീസ് (കോഴ്സ്ഫീ, ഭക്ഷണം, ജിഎസ്ടി ഉൾപ്പടെ). പങ്കെടുക്കാൻ താത്പര്യമുള്ളവർ http://kied.infot/raining-calender/ ജൂലൈ 15 ന് മുമ്പ് സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 30 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/0484 2550322/ 9188922800.

## മീഡിയ അക്കാദമിയിൽ ്സപോട്ട് അഡ്മിഷൻ ജൂലൈ 11ന്

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിലെ ജേർണലിസം ആന്റ് കമ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ് ആന്റ് അഡ്വർടൈസിംഗ്, ടെലിവിഷൻ ജേണലിസം ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളിൽ ഒഴിവ് വന്ന ഏതാനും സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ ജൂലൈ 11 ന് നടത്തും. കാക്കനാട്ടുള്ള അക്കാദമി കാമ്പസിൽ രാവിലെ 10.00 മുതൽ നടക്കുന്ന സ്പോട്ട് അഡ്മിഷന് പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം എത്തിച്ചേരണം. പ്രായപരിധി 28 വയസ്സ്. ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രവേശനം ഉറപ്പാകുന്നവർ അഡ്മിഷൻ ഫീസ് / കോഴ്സ് ഫീസ് അടയ്ക്കാൻ തയ്യാറായി വരണം. വിശദവിവരങ്ങൾക്ക് വിളിക്കേ നമ്പർ: 0484 2422275.

## മത്സ്യത്തൊഴിലാളി വിധവ പെൻഷൻ: രേഖകൾ നൽകണം

**കൊച്ചി:** ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരമുള്ള വിവരങ്ങൾ നൽക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് വിധവ പെൻഷൻ വാങ്ങുന്നവർ ആധാർ, ബാങ്ക് പാസ്ബുക്ക്, റേഷൻകാർഡ് എന്നിവയുടെ പകർപ്പും, താമസിക്കുന്ന പഞ്ചായത്ത്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിയുടെ പേര്, വാർഡ് നമ്പർ, മൊബൈൽ നമ്പർ എന്നിവയും ബന്ധപ്പെട്ട ഫിഷറീസ് ഓഫീസുകളിൽ ജൂലൈ 10 നകം എത്തണം.ഫിഷറീസ് ഓഫീസുകളിൽ ബന്ധപ്പെടേണ്ട ഫോൺ നമ്പർ കണ്ണമാലി 9497715564, അഴീക്കോട് 9497715566, കൈപ്പമംഗലം 9497715541, ഫോർട്ട്കൊച്ചി 9497715562, ഞാറക്കൽ 9497715566, നാട്ടിക 7034584756, ചെറായി 9497715541, ചാവക്കാട് 7034584756, നോർത്ത് പറവൂർ 9497715563, തൃശ്ശൂർ 9539636928, എറണാകുളം 9497715563, പുതുനഗരം 9539636928, ഉദയംപേരൂർ 9497715564

സൊസൈറ്റി ടുഡേ
SOCIETY TODAY

# മിഷെലിൻ ഗൈഡ് ദുബായ് പുറത്തിറക്കി



**കൊച്ചി:** മിഷെലിൻ അതിന്റെ വാർഷിക മിഷെലിൻ ഗൈഡ് ദുബായിയുടെ മൂന്നാം പതിപ്പ് അടുത്തിടെ തുറന്ന വൺ&ഒൺലി വൺ സഅബീലിൽ നടന്ന ചടങ്ങിൽ പുറത്തിറക്കി. ദുബായ് റോ ഓൺ 45 റെസ്റ്റോറന്റിന് രണ്ടു മിഷെലിൻ സ്റ്റാറുകൾ ലഭിച്ചു. ഈ നേട്ടം ലഭിക്കുന്ന ദുബായിലെ നാലാമത്തെ റെസ്റ്റോറന്റാണ് റോ ഓൺ 45. ഇതുൾപ്പടെ മൊത്തം 106 റെസ്റ്റോറന്റുകൾ ഈ വർഷത്തെ അഭിമാനകരമായ മിഷെലിൻ ഗൈഡിൽ ഉൾപ്പെടുന്നു. 2022ൽ ഗൈഡ് ആരംഭിച്ചപ്പോൾ 69 റെസ്റ്റോറന്റുകൾ ആയിരുന്നു ലിസ്റ്റ് ചെയ്യപ്പെട്ടത്. 2024 പതിപ്പ് നാല് രണ്ട് മിഷെലിൻ സ്റ്റാർ റെസ്റ്റോറന്റുകളെയും 15 ഒരു മിഷെലിൻ സ്റ്റാർ റെസ്റ്റോറന്റുകളെയും അംഗീകരിക്കുന്നു. ദുബായിൽ ഇപ്പോൾ 18 ബിബ് ഗോർമണ്ട് റെസ്റ്റോറന്റുകളും മൂന്ന് മിഷെലിൻ ഗ്രീൻ സ്റ്റാറും ഉണ്ട്.ഞങ്ങളുടെ സന്ദർശകർക്കും താമസക്കാർക്കും എല്ലാ അഭിരുചികളും ബജറ്റുകളും നൽകുന്ന വൈവിധ്യമാർന്ന ഗ്യാസ്ട്രോണമിക് ഓഫറുകൾക്കൊപ്പം, സന്ദർശിക്കാനും ജീവിക്കാനും ജോലി ചെയ്യാനുമുള്ള മികച്ച നഗരങ്ങളിലൊന്നായി ദുബായുടെ പാചക രംഗം തുടരുന്നതായി ദുബായ് കോർപ്പറേഷൻ ഫോർ ടൂറിസം ആൻഡ് കൊമേഴ്സ് മാർക്കറ്റിംഗ് (ഡിസിടിസിഎം) സിഇഒ ഇസാം കാസിം പറഞ്ഞു.
ദുബായ് ഇപ്പോൾ ഒരു അന്താരാഷ്ട്ര ഗ്യാസ്ട്രോണമിക് ഡെസ്റ്റിനേഷനായി അംഗീകരിക്കപ്പെട്ടിരിക്കുന്നതായി ദി മിഷെലിൻ ഗൈഡ്സിന്റെ ഇന്റർനാഷണൽ ഡയറക്ടർ ഗ്വെൻഡൽ പോളിനെക് പറഞ്ഞു.നിക്കോ റോമിറ്റോ. റോ ഓൺ 45, സ്റ്റേ ബൈ യാണിക് അല്ലെനോ, ട്രെസെൻഡ് സ്റ്റുഡിയോ എന്നിവയാണ് ഈ വർഷത്തെ ലിസ്റ്റിങ്ങിൽ ടു സ്റ്റാർ കരസ്ഥമാക്കിയ റെസ്റ്റോറന്റുകൾ. 11 വുഡ്ഫയർ, അൽ മുൻതഹാ, അർമാനി രിസ്റ്റോറന്റെ, അവതാര, ഡിന്നർ ബൈ ഹെസ്റ്റൺ ബ്ലൂമെന്തൽ, ഹാക്കസാൻ, ഹോസെക്കി, ല ഡെയിം ഡി പിക് ദുബായ്, മൂൺ റൈസ്, ഓർഫലി ബ്രോസ്, ഓസിയാനോ. സാഗേറ്സ് ബൈ റ്റീസുയ, സ്മോക്ഡ് റൂം, ടസ്ക ബൈ ജോസ് ആവില്ലെസ്, ടോർണോ സുബിറ്റോ എന്നിവനാണ് വൺ സ്റ്റാർ കരസ്ഥമാക്കിയ റസ്റ്റോറന്റുകൾ.

## മലയോര പട്ടയം: രണ്ടാം ഘട്ട വിവരശേഖരണം ഇന്നു മുതൽ

**തിരുവനന്തപുരം:** 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി നേരത്തെ നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ വിവരം നൽകാൻ കഴിയാത്തവർക്ക് ഇന്നു (ജൂലൈ 10) മുതൽ 31 വരെ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ വിവര ശേഖരണ ഫോറം പൂരിപ്പിച്ച് നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചു.വനം, റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടന്ന ഇടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങിയവർക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാം.ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ പട്ടയം ലഭിക്കുന്നതിന് മുൻപ് ഭൂമി കൈമാറുകയും ചെയ്താൽ, കൈമാറി ലഭിച്ച കൈവശക്കാരൻ ജെ.വി ലിസ്റ്റിൽ ഉൾപ്പെടുകയില്ല. അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ മുൻ അവകാശികൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടാകാം. അങ്ങനെയുള്ളവർക്കും നിശ്ചിത ഫോമിൽ വിവരങ്ങൾ നൽകാം. അപേക്ഷയുടെ മാതൃക വില്ലേജ് ഓഫീസുകളിൽ ലഭിക്കും.

# വണ്ടർലയിൽ 'അടിപൊളിമ്പിക്സ്'




കൊച്ചി: പ്രീമിയം 350 സി സി ബൈക്ക് ഉൾപ്പെടെ വമ്പൻ സമ്മാനങ്ങൾ നേടുവാൻ അവസരമരമൊരുക്കി വണ്ടർലയിൽ 'അടിപൊളിമ്പിക്സ്' മഴക്കാല മത്സരങ്ങൾ. കൊച്ചി വണ്ടർലയിൽ സംഘടിപ്പിക്കുന്ന മൺസൂൺ ചാമ്പ്യൻഷിപ്പിന്റെ ആദ്യ പതിപ്പായ 'വണ്ടർല അടിപൊളിമ്പിക്സ്' ജൂലായ് 17ന് നടൻ ധ്യാൻ ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യും. ഓഗസ്റ്റ് 25ന് ഗ്രാൻഡ് ഫിനാലെയോടെ അവസാനിക്കുന്ന അടിപൊളിമ്പിക്സ് മത്സരങ്ങൾ ബുധൻ, ശനി, ഞായർ ദിവസങ്ങളിലാണ് ഉണ്ടാകുക. വണ്ടർല പ്രവേശനത്തിനുള്ള ടിക്കറ്റ് വാങ്ങുന്ന ഏവർക്കും മത്സരങ്ങളിൽ പങ്കെടുക്കാം. ആഘോഷങ്ങളുടെ ഭാഗമായി, ടിക്കറ്റ് നിരക്കുകളിൽ 20 ശതമാനം കിഴിവ് ലഭിക്കും. കൂടാതെ, കോളേജ് വിദ്യാർത്ഥികൾക്ക് പ്രീബുക്കിംഗിൽ 25 ശതമാനം കിഴിവുമുണ്ടാകും. ടിക്കറ്റ് ബുക്കിംഗ് ജൂലൈ 9ന് ആരംഭിക്കും.
പ്രതിദിന വിജയികൾക്കും ചാമ്പ്യൻഷിപ്പ് വിജയികൾക്കും 350 സി സി പ്രീമിയം ബൈക്ക്, ഇബൈസൈക്കിളുകൾ, ഇലക്ട്രോണിക്ക് ഉപകരണങ്ങൾ, എല്ലാ ചിലവുകളും ഉൾപ്പെടുന്ന ഗ്രൂപ്പ് ട്രിപ്പുകൾ, ആഡംബര റിസോർട്ടിലെ താമസം തുടങ്ങി നിരവധി സമ്മാനങ്ങൾ നേടാനുള്ള അവസരമുണ്ട്. നീന്തൽ അധിഷ്ഠിതമായ അക്വാമാൻ ചലഞ്ച്, സാഹസിക വണ്ടർലാ ഡെവിൾസ് സർക്യൂട്ട്, മെഗാ ഫുഡീ മത്സരം, തുടങ്ങിയവ ഉൾപ്പടുന്നതാണ് മത്സരങ്ങൾ. വ്യക്തിഗത, ഗ്രൂപ്പ് മത്സരങ്ങളുണ്ട്. യുവാക്കളും കുട്ടികളും ഉൾപ്പെടെ എല്ലാ പ്രായത്തിലുള്ളവർക്കും പങ്കെടുക്കാവുന്ന വണ്ടർല അടിപൊളിമ്പിക്സ് മത്സരങ്ങളിലൂടെ കുട്ടിക്കാലത്തേ മഴക്കാല ഓർമകളിലേക്ക് തിരിച്ചുപോക്കാണ് ലക്ഷ്യമിടുന്നെതെന്ന് വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അരുൺ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. ഓൺലൈൻ പോർട്ടൽ വഴി മുൻകൂട്ടിയും കൊച്ചി വണ്ടർല കൗണ്ടറുകളിൽ നിന്ന് നേരിട്ടും ടിക്കറ്റുകൾ സ്വന്തമാക്കാം. കൂടുതൽ വിവരങ്ങൾക്ക് 04843514001, 7593853107 എന്ന നമ്പറുകളിൽ ബന്ധപ്പെടാം.

# ഖാദി തുണിത്തരങ്ങൾക്ക് റിബേറ്റ്

കൊച്ചി: കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മുഹറം പ്രമാണിച്ച് ഖാദി തുണിത്തരങ്ങൾക്ക് ജൂലൈ 10 മുതൽ 15 വരെ വരെയുള്ള വില്പനയ്ക്ക് 20 മുതൽ 30 ശതമാനം വരെ റിബേറ്റ് അനുവദിക്കും. എറണാകുളം ജില്ലയിലെ ഖാദി ബോർഡിന്റെ കീഴിലുള്ള അംഗീകൃത വില്പനശാലകളായ ഖാദിഗ്രാമസൗഭാഗ്യ കലൂർ, നോർത്ത് പറവൂർ, പെരുമ്പാവൂർ, കാക്കനാട്, കൂത്താട്ടുകുളം ഖാദി സൗഭാഗ്യ മൂവ്വാറ്റുപുഴ, പായിപ്ര, പുക്കാട്ടുപടി ഗ്രാമ സൗഭാഗ്യ പഴന്തോട്ടം, മൂക്കന്നൂർ, ശ്രീമൂലനഗരം എന്നീ വില്പനശാലകളിൽ നിന്നും ഈ ആനുകൂല്യം ലഭിക്കും.

